# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കൈപ്പമംഗലം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ (പി 7) 1515/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 18/03/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൈപ്പമംഗലം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കൈപ്പമംഗലം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൈപ്പമംഗലം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ (പി 7) 1515/2021 തീയ്യതി: 18/03/2022

## തൃശ്ശൂർ ജില്ലയിലെ കൈപ്പമംഗലം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ കൈപ്പമംഗലം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 03-07-2019 മുതൽ 03-10-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2019 മുതൽ 31-03-2020 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 58 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ബിന്ദു.എസ്.നായർ | ഡെപ്യൂട്ടി ഡയറക്ടർ | 04-10-2021 | 18-10-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 04-10-2021 | 18-10-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ ശിവൻ.പി.എ.ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)

ശ്രീമതി.സീനത്ത്.പി.എ, ഓഡിറ്റ് ഓഫീസർ

ശ്രീ.നിർമ്മൽ .കെ.ജി, ഓഡിറ്റ് ഓഫീസർ

ശ്രീ. ജോമോൻ ഇ.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ.സിജോ തോമസ്, ഓഡിറ്റർ

ശ്രീമതി.ബിന്ദു.കെ.എസ്,ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സുരേഷ്ബാബു | പ്രസിഡന്റ് | 01-04-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സുഹാസ്.സി.എം | സെക്രട്ടറി(ഇൻ ചാർജ്) | 01-04-2019 | 08-05-2019 |
| കെ.ബി.മുഹമ്മദ്ദ് റഫീക്ക് | സെക്രട്ടറി | 09-05-2019 | 31-03-2020 |
| ഓമന.സി.വി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ബീന ബായി | ഹെഡ്മിസ്ട്രസ് | 01-04-2019 | 31-03-2020 |
| സുഹാസ്.സി.എം | അസി.സെക്രട്ടറി | 01-04-2019 | 31-03-2020 |
| ഗോകുൽ.ഇ.ബി | വി.ഇ ഒ. കൈപ്പമംഗലം | 01-04-2019 | 31-03-2020 |
| ഗോകുൽ.ഇ.ബി | വി.ഇ ഒ. കൂരിക്കുഴി(അധിക ചാർജ്) | 01-04-2019 | 09-12-2019 |
| ആശ | വി.ഇ ഒ. കൂരിക്കുഴി | 10-12-2019 | 31-03-2020 |
| സുമേഷ്.എസ്.ആർ | വി.ഇ ഒ. ചളിങ്ങാട് | 01-04-2019 | 20-01-2020 |
| ഗോകുൽ.ഇ.ബി | വി.ഇ ഒ. ചളിങ്ങാട്(അധിക ചാർജ്) | 21-01-2020 | 31-03-2020 |
| ജീന | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2019 | 31-03-2020 |
| അനില മാത്യു | കൃഷി ഓഫീസർ | 01-04-2019 | 29-06-2019 |
| റുബീന.സി.എം | കൃഷി ഓഫീസർ | 30-06-2019 | 22-09-2019 |
| സരത്ത് | കൃഷി ഓഫീസർ | 23-09-2019 | 07-02-2020 |
| റുബീന.സി.എം | കൃഷി ഓഫീസർ | 08-02-2020 | 31-03-2020 |
| ഹസീന | മെഡിക്കൽ ഓഫീസർ,ഹോമിയോ | 01-04-2019 | 07-06-2019 |
| മുഹമ്മദ്ദ് റഫീക്ക് | മെഡിക്കൽ | 08-06-2019 | 31-03-2020 |

| | | | |
|---|---|---|---|
| | ഓഫീസർ,ഹോമിയോ | | |
| അന്ന ബേബി | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 01-04-2019 | 31-03-2020 |
| സമീറ | അസി.എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ജിജേന്ദ്രകുമാർ.കെ.ബി | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| പ്രശാന്ത്.ഇ.എം | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| സിന്ധു.എ.എൽ. | മെഡിക്കൽ ഓഫീസർ. ആയുർവേദം | 01-04-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: P.A.Sivan (Audit Officer, On 13-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 09-03-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: P.A.Sivan (Audit Officer, On 13-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 09-03-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് ആന്റ് പേയ്മെന്റ് പ്രകാരം)<br>Written By: P.A.Sivan (Audit Officer, On 13-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 09-03-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: P.A.Sivan (Audit Officer, On 13-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 09-03-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: P.A.Sivan (Audit Officer, On 13-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 09-03-2022) | 1-5 |
| 6 | ക്ഷേമപെൻഷനുകൾ സംബന്ധിച്ച്<br>Written By: P.A.Sivan (Audit Officer, On 13-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 09-03-2022) | 1-6 |
| 7 | ക്യാഷ് പരിശോധന<br>Written By: P.A.Sivan (Audit Officer, On 13-10-2021)<br>Last Updated By: Sijo Thomas (Auditor, On 18-10-2021) | 1-7 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: P.A.Sivan (Audit Officer, On 13-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 09-03-2022) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: P.A.Sivan (Audit Officer, On 13-10-2021)<br>Last Updated By: Sijo Thomas (Auditor, On 28-02-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: P.A.Sivan (Audit Officer, On 28-02-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 09-03-2022) | 1-10 |
| 11 | അടിസ്ഥാന അനുപാതങ്ങൾ സംബന്ധിക്കുന്ന പത്രികകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല<br>Written By: P.A.Sivan (Audit Officer, On 13-10-2021)<br>Last Updated By: Sijo Thomas (Auditor, On 28-02-2022) | 1-11 |
| 12 | വസ്തു നികുതി റെസിഡൻഷ്യൽ (തൻവർഷം)- വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല<br>Written By: Nirmal K G (Audit Officer, On 14-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 09-03-2022) | 1-12 |
| 13 | വസ്തുനികുതി-റെസിഡൻഷ്യൽ (കുടിശ്ശിക)- വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല<br>Written By: Nirmal K G (Audit Officer, On 14-10-2021)<br>Last Updated By: P.A.Sivan (Audit Officer, On 17-03-2022) | 1-13 |
| 14 | വസ്തുനികുതി നോൺ - റെസിഡൻഷ്യൽ (തൻവർഷം)- വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല<br>Written By: Nirmal K G (Audit Officer, On 14-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 09-03-2022) | 1-14 |
| 15 | വസ്തുനികുതി-നോൺ-റെസിഡൻഷ്യൽ (കുടിശ്ശിക)-വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 1-15 |

| | | |
|---|---|---|
| | Written By: Nirmal K G (Audit Officer, On 14-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 09-03-2022) | |
| 16 | ലൈബ്രറി സെസ്സ്- വാർഷികകണക്കും ഡിസിബി പത്രികയും പൊരുത്തപ്പെടുന്നില്ല<br>Written By: Nirmal K G (Audit Officer, On 14-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 09-03-2022) | 1-16 |
| 17 | വസ്തുനികതി -കൃത്യ സമയത്ത് ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല<br>Written By: Nirmal K G (Audit Officer, On 14-10-2021)<br>Last Updated By: Bindhu (Auditor, On 02-03-2022) | 1-17 |
| 18 | വരവ് രജിസ്റ്ററുകളും വാർഷികകണക്കുകളും പൊരുത്തപ്പെടുത്തുന്നില്ല<br>Written By: Nirmal K G (Audit Officer, On 14-10-2021)<br>Last Updated By: Sijo Thomas (Auditor, On 08-03-2022) | 1-18 |
| 19 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല<br>Written By: Nirmal K G (Audit Officer, On 14-10-2021)<br>Last Updated By: Bindhu (Auditor, On 02-03-2022) | 1-19 |
| 20 | എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകൾ ഇല്ല<br>Written By: P.A.Seenath (Audit Officer, On 18-10-2021)<br>Last Updated By: P.A.Sivan (Audit Officer, On 17-03-2022) | 1-20 |
| 21 | ജേണൽ വൗച്ചർ - ആധികാരിക രേഖകൾ ഇല്ല<br>Written By: P.A.Seenath (Audit Officer, On 18-10-2021)<br>Last Updated By: Bindhu (Auditor, On 02-03-2022) | 1-21 |
| 22 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് -ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല<br>Written By: P.A.Seenath (Audit Officer, On 18-10-2021)<br>Last Updated By: Bindhu (Auditor, On 02-03-2022) | 1-22 |
| 23 | " Directly Debited By Bank" ൽ ഉൾപ്പെടുത്തിയത് ഉചിതമായ ശീർഷകത്തിൽ രേഖപ്പെടുത്തേണ്ടതാണ്<br>Written By: Sijo Thomas (Auditor, On 18-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 09-03-2022) | 1-23 |
| 24 | ലൈസൻസ് അപാകതകൾ<br>Written By: Sijo Thomas (Auditor, On 18-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 09-03-2022) | 1-24 |
| 25 | ട്രേഡേഴ്സ് ലിസ്റ്റും, ഡി&ഒ ലൈസൻസ് രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല<br>Written By: Sijo Thomas (Auditor, On 19-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 09-03-2022) | 1-25 |
| 26 | തൊഴിൽ നികുതി അപാകതകൾ<br>Written By: Sijo Thomas (Auditor, On 19-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 09-03-2022) | 1-26 |
| 27 | അങ്കണവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യ മിശ്രിതം ഗുണമേന്മ പരിശോധിച്ചതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്<br>Written By: Nirmal K G (Audit Officer, On 19-10-2021)<br>Last Updated By: P.A.Sivan (Audit Officer, On 17-03-2022) | 1-27 |
| 28 | ലോഗ് ബുക്ക് പരിപാലനം-അപാകതകൾ<br>Written By: Jomon E K (Asst. Audit Officer, On 28-10-2021)<br>Last Updated By: P.A.Sivan (Audit Officer, On 18-03-2022) | 1-28 |
| 29 | മോണിട്ടറിങ്ങിന്റെ അഭാവം -പദ്ധതി നടത്തിപ്പിൽ അപാകതകൾ.<br>Written By: Jomon E K (Asst. Audit Officer, On 28-10-2021)<br>Last Updated By: P.A.Sivan (Audit Officer, On 17-03-2022) | 1-29 |
| 30 | ലീഗൽ ചാർജ്ജസ്- സ്യൂട്ട് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല<br>Written By: Jomon E K (Asst. Audit Officer, On 28-10-2021)<br>Last Updated By: P.A.Sivan (Audit Officer, On 17-03-2022) | 1-30 |
| 31 | പൊതുടാപ്പുകൾ സംയുക്ത പരിശോധന നടത്തിയിട്ടില്ല.<br>Written By: Jomon E K (Asst. Audit Officer, On 28-10-2021) | 1-31 |

| | | |
|---|---|---|
| | Last Updated By: P.G.Sadanandan (Audit Officer, On 09-03-2022) | |
| 32 | പത്താംതരം തുല്യത പരീക്ഷ -പരീക്ഷയെഴുതിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.<br>Written By: P.A.Seenath (Audit Officer, On 31-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 09-03-2022) | 1-32 |
| 33 | മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ലാപ് ടോപ്പ് -കെൽട്രോണിന് തുക നൽകിയിട്ട് നാളിതു വരെ ലഭ്യമായിട്ടില്ല<br>Written By: P.A.Seenath (Audit Officer, On 31-10-2021)<br>Last Updated By: P.A.Sivan (Audit Officer, On 18-03-2022) | 1-33 |
| 34 | മഴക്കാല പൂർവ്വ ശുചീകരണം-ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല.<br>Written By: P.A.Seenath (Audit Officer, On 31-10-2021)<br>Last Updated By: P.A.Sivan (Audit Officer, On 17-03-2022) | 1-34 |
| 35 | സ്കൂളിൽ ജൈവ വൈവിധ്യ പാർക്ക്-കരാറുകാരനിൽ നിന്നും ഇൻകംടാക്സ് ഈടാക്കിയിട്ടില്ല<br>Written By: P.A.Seenath (Audit Officer, On 31-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 09-03-2022) | 1-35 |
| 36 | വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കലും പുതിയ പോസ്റ്റ് സ്ഥാപിക്കലും,പൂർത്തീകരണ വിവരം ലഭ്യമല്ല.<br>Written By: P.A.Seenath (Audit Officer, On 05-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 17-03-2022) | 1-36 |
| 37 | കുഴിച്ചെടുത്ത മണ്ണ് എന്ത് ചെയ്തു എന്ന് അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല<br>Written By: P.A.Sivan (Audit Officer, On 01-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 18-03-2022) | 1-37 |
| 38 | കരാറുകാരൻ കരാറിൽ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല<br>Written By: P.A.Sivan (Audit Officer, On 01-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 17-03-2022) | 1-38 |
| 39 | കുഴിച്ചെടുത്ത മണ്ണ് ബാക്ക് ഫില്ലിങിനായി ഉപയോഗിച്ചു എന്നത് അംഗീകരിക്കാനാകില്ല<br>Written By: P.A.Sivan (Audit Officer, On 01-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 17-03-2022) | 1-39 |
| 40 | പ്രൈസ് സോഫ്റ്റ് വെയറിൽ അധിക ഓവർഹെഡ് ചാർജ് തയ്യാറാക്കുന്നതുമൂലം അധികച്ചെലവ്<br>Written By: P.A.Sivan (Audit Officer, On 01-11-2021)<br>Last Updated By: Sijo Thomas (Auditor, On 10-03-2022) | 1-40 |
| 41 | കാലി ബാരലിന്റെ വില ഈടാക്കിയിട്ടില്ല.<br>Written By: P.A.Sivan (Audit Officer, On 01-11-2021)<br>Last Updated By: Sijo Thomas (Auditor, On 10-03-2022) | 1-41 |
| 42 | വർക്കിങ് ഗ്രൂപ്പ് മിനിറ്റ്സ് ഹാജരാക്കിയിട്ടില്ല<br>Written By: P.A.Sivan (Audit Officer, On 01-11-2021)<br>Last Updated By: Sijo Thomas (Auditor, On 10-03-2022) | 1-42 |
| 43 | മോണിറ്ററിങ് റിപ്പോർട്ട് ഫയലിലില്ല, വർക്കിങ് ഗ്രൂപ്പ് മോണിറ്ററിങ് നടത്തിയതായി രേഖപ്പെടുത്തലുകളില്ല<br>Written By: P.A.Sivan (Audit Officer, On 01-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 17-03-2022) | 1-43 |
| 44 | ചമച്ചിട്ടുള്ള കരാറുകൾ കാലികമല്ല<br>Written By: P.A.Sivan (Audit Officer, On 01-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 18-03-2022) | 1-44 |
| 45 | അംഗണവാടികളുടെ അറ്റകുറ്റപ്പണി -കരാറിൽ കരാറുകാരനും നിർവഹണോദ്യോഗസ്ഥയും ഒപ്പും വിവരങ്ങളും രേഖപ്പെടുത്തിയിട്ടില്ല.<br>Written By: P.A.Sivan (Audit Officer, On 01-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 17-03-2022) | 1-45 |

| | | |
|---|---|---|
| 46 | അടങ്കൽ തുക മറികടന്ന് തനത് ഫണ്ട് അനുവദിച്ചു<br>Written By: P.A.Sivan (Audit Officer, On 01-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 17-03-2022) | 1-46 |
| 47 | മരാമത്ത് - പദ്ധതി പ്രവർത്തനവും പദ്ധതിച്ചെലവും<br>Written By: P.A.Sivan (Audit Officer, On 01-11-2021)<br>Last Updated By: Sijo Thomas (Auditor, On 10-03-2022) | 1-47 |
| 48 | തൊഴിലുറപ്പുപദ്ധതി-പ്രവർത്തനവിവരം<br>Written By: P.A.Sivan (Audit Officer, On 01-11-2021)<br>Last Updated By: Sijo Thomas (Auditor, On 10-03-2022) | 1-48 |
| 49 | തൊഴിലുറപ്പുപദ്ധതി-അളവുപരിശോധന അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയില്ല<br>Written By: P.A.Sivan (Audit Officer, On 01-11-2021)<br>Last Updated By: Sijo Thomas (Auditor, On 10-03-2022) | 1-49 |
| 50 | വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് വിതരണം (എസ്.സി):-അപാകത<br>Written By: Nirmal K G (Audit Officer, On 04-11-2021)<br>Last Updated By: Bindhu (Auditor, On 03-03-2022) | 1-50 |
| 51 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്<br>Written By: Nirmal K G (Audit Officer, On 04-11-2021)<br>Last Updated By: Bindhu (Auditor, On 03-03-2022) | 1-51 |
| 52 | വി.ഇ.ഒ.കൈപ്പമംഗലം(സർക്കിൾ) നടപ്പിലാക്കിയ പദ്ധതിയിൽ അധിക തുക 140000/-രൂപ നൽകി<br>Written By: Nirmal K G (Audit Officer, On 04-11-2021)<br>Last Updated By: Sijo Thomas (Auditor, On 10-03-2022) | 1-52 |
| 53 | അംഗനവാടി തൊഴിലാളികളുടേയും സഹായികളുടേയും പ്രതിഫലം 2018-19 വർഷത്തെ വിഹിതം തൻവർഷത്തെ വികസന ഫണ്ടിൽ നിന്നും നഷ്ടമായി.<br>Written By: P.A.Seenath (Audit Officer, On 06-11-2021)<br>Last Updated By: Sijo Thomas (Auditor, On 10-03-2022) | 1-53 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | ലൈഫ് മിഷൻ ജനറൽ ഭവന നിർമ്മാണം:- തുക അധികം നൽകി<br>Written By: Nirmal K G (Audit Officer, On 04-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 17-03-2022) | 3-1 |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: P.A.Sivan (Audit Officer, On 14-10-2021)<br>Last Updated By: Bindhu (Auditor, On 03-03-2022) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: P.A.Sivan (Audit Officer, On 14-10-2021)<br>Last Updated By: Sijo Thomas (Auditor, On 10-03-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: P.A.Sivan (Audit Officer, On 14-10-2021)<br>Last Updated By: P.A.Sivan (Audit Officer, On 14-10-2021) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: P.A.Sivan (Audit Officer, On 14-10-2021)<br>Last Updated By: P.A.Sivan (Audit Officer, On 06-11-2021) | 4-4 |
| 5 | സ്ഥിരനിക്ഷേപം<br>Written By: P.A.Sivan (Audit Officer, On 14-10-2021)<br>Last Updated By: P.A.Sivan (Audit Officer, On 14-10-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: P.A.Sivan (Audit Officer, On 14-10-2021)<br>Last Updated By: Sijo Thomas (Auditor, On 10-03-2022) | 4-6 |

| | | |
|---|---|---|
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: P.A.Sivan (Audit Officer, On 14-10-2021)<br>Last Updated By: P.A.Sivan (Audit Officer, On 05-11-2021) | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: P.A.Sivan (Audit Officer, On 14-10-2021)<br>Last Updated By: P.A.Sivan (Audit Officer, On 14-10-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: P.A.Sivan (Audit Officer, On 14-10-2021)<br>Last Updated By: P.A.Sivan (Audit Officer, On 18-03-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: P.A.Sivan (Audit Officer, On 14-10-2021)<br>Last Updated By: P.A.Sivan (Audit Officer, On 06-11-2021) | 4-10 |

അനുബന്ധം

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം/തിയതി | പ്രതീക്ഷിത വരുമാനം | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 24-03-2019 | 1/24-03-2019 | 231278340 | 233200465 |

റിവൈസ്ഡ് ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം നമ്പർ | പ്രതീക്ഷിത വരുമാനം | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 25-2-2020 | 1 | 184801000 | 191533943 |

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തിയതി | ലഭിച്ച തിയതി |
|---|---|
| 31.07.2020 | 04.05.2020 |

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് ആന്റ് പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 24385561 |
| വരവ് | 78150131 |
| ആകെ | 102535692 |
| ചെലവ് | 78050917 |
| നീക്കിയിരിപ്പ് | 24484775 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട്-ജനറൽ | 0 | 21673129 | 21673129 | 12228390 | 9444739 |
| വികസനഫണ്ട്-എസ് സി പി | 0 | 10296647 | 10296647 | 6921170 | 3375477 |
| മെയിന്റനൻസ്-റോഡ് | 0 | 13698000 | 13698000 | 6992408 | 6705592 |
| മെയിന്റനൻസ്-നോൺറോഡ് | 0 | 4596000 | 4596000 | 2793765 | 1802235 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 11819914 | 11819914 | 6393474 | 5426440 |

### 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ(എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 198 | 137818599 | 88 | 64221452 | 16 | 91 | 47 |

### 1-6 ക്ഷേമപെൻഷനുകൾ സംബന്ധിച്ച്

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 923400 | 270 |
| വിധവാ പെൻഷൻ | 5133000 | 1472 |
| വാർദ്ധക്യകാലപെൻഷൻ | 8104200 | 2452 |
| വികലാംഗ പെൻഷൻ | 1496400 | 420 |

| | | |
|---|---|---|
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 210000 | 60 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 120000 | 4 |

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07-10-2021 തീയതിയിൽ 3.00 PM ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1,06,425 /- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 15660 | 618414 | 634074 | 626979 | 7095 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 20268183 | 20268183 | 20268183 | - |

## 1-9 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിലെ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ഓഫീസ് ഓർഡർ പ്രകാരം ജീവനക്കാർക്ക് കൃത്യമായ ജോലിവിഭജനം നടത്തിയിട്ടുണ്ട്. പഞ്ചായത്ത് കമ്മിറ്റി മീറ്റിംഗുകളിൽ നിർവഹണോദ്യഗസ്ഥരുടെ പദ്ധതി പുരോഗതി അവലോകനം ചെയ്യുന്നതായി കാണുന്നില്ല. മീറ്റിംഗ് മിനിറ്റ്സുകൾ ആധികാരികമാക്കി സൂക്ഷിക്കുന്നുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | ഓഡിറ്റ് നടന്ന തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 23.11.20 | 1/20-3/20 | 12.03.21 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17.11.13 മുതൽ 03.12.13 വരെ | 1997-98 മുതൽ 2002-03 വരെ | 24.03.2014 |

## 1-11 അടിസ്ഥാന അനുപാതങ്ങൾ സംബന്ധിക്കുന്ന പത്രികകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല

1.വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ സംബന്ധിക്കുന്ന പത്രിക ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്))
2.സർക്കാർ ഉത്തരവ് (കൈ) 16/21 ത.സ്വ.ഭ.വ തീ 23/1/21 പ്രകാരം വാർഷിക കണക്കുകളോടൊപ്പം നിർബന്ധിതമാക്കിയിരുന്ന ഗ്രാന്റ് സ്റ്റേറ്റ്മെന്റ് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം.54/18/10/21)

## 1-12 വസ്തു നികുതി റെസിഡൻഷ്യൽ (തൻവർഷം)- വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

തൻവർഷം

റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ | ബാക്കി |
|---|---|---|---|---|

| | | | ക്രമീകരിച്ചത് | |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 3544572 | 3464853 | 48754 | 34909 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 3544572 | 3478131 | - | 34950 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | (36698/105X100)= (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

1."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ് ) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

2.ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -15 പ്രകാരം വസ്തുനികുതിയിനത്തിലെ ആകെ കിട്ടാനുള്ള തുക (5% ലൈബ്രറി സെസ്സ് ഉൾപ്പെടെ)310015/-രൂപയാണ്. ഇത് പ്രകാരം ഇതേ ഷെഡ്യൂളിൽ "431910101-State Govt Levies In Property Tax" എന്ന ശീർഷകത്തിൽ വരേണ്ട തുക 14763/- (310015/105X5) ആണ്. എന്നാൽ ഈ ശീർഷകത്തിൽ 15314/-രൂപ ചേർത്തിട്ടുണ്ട്. വ്യത്യാസം പരിഹരിക്കേണ്ടതാണ്.

## 1-13 വസ്തുനികുതി-റെസിഡൻഷ്യൽ (കുടിശ്ശിക)- വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല

കുടിശ്ശിക

റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 353982 | 332613 | 44682 | 22471 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *316603 | 330806 | 44682 | 22512 |
| | (ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410104 – Advance Collection – PT On NR Bldg-ന്റെ ലെഡ്ജർ) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (23638 X 100/105=22512.38, ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. |

1."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ് ) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-14 വസ്തുനികുതി നോൺ - റെസിഡൻഷ്യൽ (തൻവർഷം)-വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല

കുടിശ്ശിക
റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2208564 | 1991348 | 175940 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2208564 | 1972702 | 176388 |
| | | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (185208/105 X 100) = 176388 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. |

1."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ് ) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-15 വസ്തുനികുതി-നോൺ-റെസിഡൻഷ്യൽ (കുടിശ്ശിക)-വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

നോൺ – റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 222374 | 163625 | 61375 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 221660 | 163561 | 61401 |
| | (2019-20ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) *(160264 +72479=232743/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(64471/105X100)=61400.95, ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

## 1-16 ലൈബ്രറി സെസ്സ്- വാർഷികകണക്കും ഡിസിബി പത്രികയും പൊരുത്തപ്പെടുന്നില്ല

ലൈബ്രറി സെസ്സ് (തൻവർഷം + കുടിശ്ശിക)

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടിശ്ശിക | ആകെ | തൻ വർഷം | കുടിശ്ശിക | ആകെ | | | തൻ വർഷം | കുടിശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | റെസിഡൻഷ്യൽ | 180482 | 19254 | 199736 | 176177 | 16986 | 193163 | 2607 | 0 | 1789 | 1167 | 2956 |
| | നോൺ-റെസിഡൻഷ്യൽ | 113071 | 13924 | 126995 | 100505 | 8283 | 108788 | 2322 | 0 | 9262 | 3096 | 12358 |
| | ആകെ | | | 326731 | | | 301953 | 0 | | | 15314 | |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | | | 26913 | | | 301951 | | | 0 | | 15314 | |
| | | | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15,431910101 -State Govt . Cess/levies...... ലെഡ്ജർ 2019-20) | | | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-36 (വരവ്)) | | | (431910101 -State Govt . Cess /Levies...... ലെഡ്ജർ 2019-20) | | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | |

1. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള ലൈബ്രറി സെസ്സിന്റെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.ഡിമാന്റ് – (കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ് ) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

2. തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 301951/-രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 301953/- രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന "431910101 State Govt Cesses/levies In Property Tax Control Account" എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല. മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഡിസിബി സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകയാണ്.

## 1-17 വസ്തുനികുതി -കൃത്യ സമയത്ത് ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല

1/4/2019 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2019-20ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള,അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2019-20 വർഷത്തിൽ കൈപ്പമംഗലം ഗ്രാമപഞ്ചായത്തിൽ പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. (രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തതിനാൽ എണ്ണം കണക്കാൻ സാധിച്ചില്ല) എന്നാൽ 2019-20 ലെ "110100101-Property Tax On Residential Buiding"എന്ന ശീർഷകത്തിലേയും "110100103-Property Tax On Non Residential Buiding" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2019-20 സാമ്പത്തിക വർഷത്തെ ഡിമാന്റ് 1 തവണ മാത്രം (01.04.2019 എന്നീ തീയ്യതിയിൽ) രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൌച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ ഇടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതി ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-18 വരവ് രജിസ്റ്ററുകളും വാർഷികകണക്കുകളും പൊരുത്തപ്പെടുത്തുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ),(ജി)).നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. മറിച്ച് വാർഷികകണക്കിലെ വിവിധ പത്രികകളിലെ വർഷാന്ത്യ തുകകൾ പ്രിന്റ് എടുത്ത് രജിസ്റ്ററിൽ ചേർത്ത് ഓഡിറ്റിന് ഹാജരാക്കുകയാണ് ചെയ്തിരിക്കുന്നത്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

2. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

3.ഡി.&ഒ ഡിമാന്റ് രജിസ്റ്റർ

## 1-19 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്. ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള ആസ്തി രജിസ്റ്ററിൽ സ്ഥിരാസ്തികളുടെ മൂല്യം പ്രതിഫലിക്കുന്നില്ല. ഉദാഹരണം റോഡുകളുടെ മൂല്യം നിർണയിക്കുന്ന കാര്യത്തിൽ 1995 മുതൽക്കുള്ള നിർമാണച്ചെലവ്, അറ്റകുറ്റപ്പണിക്ക് വേണ്ടി വന്ന ചെലവ്, വാർഡ് നം., തേയ്മാനം എന്നിവയൊന്നും രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

സ്ഥിരാസ്തികളുടെ മൂല്യത്തിന്റെ ആധികാരികത നിർണയിക്കുന്നതിന്റെ സാധുത ഉറപ്പുവരുത്തുന്നത് ആസ്തി രജിസ്റ്ററിലെ രേഖപ്പെടുത്തലിന്റെ അടിസ്ഥാനത്തിലാണ്.ആയതിനാൽ ആസ്തി രജിസ്റ്റർ കുറ്റമറ്റ രീതിയിൽ പരിപാലിക്കുന്നതിന് വേണ്ടിയുള്ള നടപടികൾ ത്വരിതമാക്കേണ്ടതാണ്.

## 1-20 എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകൾ ഇല്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം "280000000-Prior Period Item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന്

ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/2020ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior Period Income -Property Tax On Residential Buildings | (55395) |
| 280200201-Prior Period Income-license Fee | (1700) |
| 280800701-Other Income | (751766) |
| 280100102-Prior Period Income – Profession Tax Institution | (11800) |

## 1-21 ജേണൽ വൗച്ചർ - ആധികാരിക രേഖകൾ ഇല്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.(പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തു നികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ വൗച്ചറുകൾ, വർക്ക് ഷീറ്റുകൾ എന്നിവ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-22 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് -ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2019-20 കാലയളവിലെ "Net Increase In Cash And Cash Equivents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 99214/- രൂപയാണ്. എന്നാൽ ഇതെ പത്രികയിൽ 2019-20 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 2000770/-രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-23 " Directly Debited By Bank" ൽ ഉൾപ്പെടുത്തിയത് ഉചിതമായ ശീർഷകത്തിൽ രേഖപ്പെടുത്തേണ്ടതാണ്

“Directly Credited By Bank” എന്ന ഇനത്തിൽ 1007/-രൂപ ഉൾപ്പെടുത്തിയാണ് റീകൺസീലിയേഷൻ പത്രിക പൊരുത്തപ്പെടുത്തിയിരിക്കുന്നത്.

BANK A/C.NO.450220101, KERALA GRAMIN BANK

| തീയ്യതി | തുക |
|---|---|
| 13.11.2016 | 1 |
| 17.11.2016 | 500 |
| 17.11.2016 | 500 |
| 24.04.2017 | .50 |
| 24.04.2017 | .50 |
| 08.12.2017 | 5 |
| ആകെ | 1007 |

ബാങ്കുമായി ബന്ധപ്പെട്ട് ഈ വരവ് പഞ്ചായത്തിന് അർഹതപ്പെട്ടതാണോയെന്ന് പരിശോധിച്ച് അത് ഉചിതമായ ശീർഷകത്തിൽ വരവ് വയ്ക്കേണ്ടതും കണക്കിലെടുക്കേണ്ടതുമാണ്. ഈ തുകകൾ ബാങ്ക് പാസ്സ്ബുക്കിൽ രേഖപ്പെടുത്തലുകൾ വന്നിട്ട് മാസങ്ങൾ കഴിഞ്ഞാണ് വാർഷിക കണക്കുകൾ അന്തിമമാക്കിയിട്ടുള്ളതെങ്കിലും മേൽപ്രകാരം നടപടി സ്വീകരിക്കാത്തതിനാൽ ഈ തുകകൾ 2019-20 ലെ വാർഷിക കണക്കിൽ ഉൾപ്പെടാതെ പോയി.

## 1-24 ലൈസൻസ് അപാകതകൾ

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ സ.ഉ(അ) നം.80/2017/ത.സ്വ.ഭ.വ., എസ്.ആർ.ഒ നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം 1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം പ്രസ്തുത വിജ്ഞാപനത്തിലെ റൂൾ 2 ഭേദഗതിയനുസരിച്ച്

ചട്ടത്തിന്റെ പേരിലെ ബ്രാക്കറ്റിലുള്ള ഭാഗം (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) എന്നാക്കി ഭേദഗതി ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം 10 ലെ പട്ടിക-II ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിൻറെ അടിസ്ഥാനത്തിൽ തരം തിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ചട്ടം 7 പ്രകാരം II -ാം പട്ടികയിൽ അധികരിക്കാത്ത തുക ഗ്രാമപഞ്ചായത്തിന് ചുമത്താവുന്നതാണ്. എന്നാൽ 2019-20 സാമ്പത്തിക വർഷത്തിൽ അപേക്ഷകർ പഴയ മാതൃകയിലുള്ള അപേക്ഷാ ഫോറം സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷകളിലോ അനുബന്ധ രേഖകളിലോ മൂലധന നിക്ഷേപം സംബന്ധിച്ച യാതൊരു വിധത്തിലുള്ള വിവരവും രേഖപ്പെടുത്താത്ത സാഹചര്യത്തിൽ ടി അപേക്ഷകരിൽ നിന്നും ഏത് മാനദണ്ഡപ്രകാരമാണ് ലൈസൻസ് തുക പിരിച്ചത് എന്നതിൽ വ്യക്തതയില്ല.

## 1-25 ട്രേഡേഴ്സ് ലിസ്റ്റും, ഡി&ഒ ലൈസൻസ് രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

2019-20 സാമ്പത്തിക വർഷത്തെ D&O രജിസ്റ്ററും, ട്രേഡേഴ്സ് ലിസ്റ്റും ഒത്തുനോക്കിയപ്പോൾ ട്രേഡേഴ്സിന്റെ ആകെ എണ്ണവും പ്രസ്തുത സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ നിന്നും D&O ലൈസൻസ് ലഭിച്ചവരുടെ എണ്ണവും പൊരുത്തപ്പെടുന്നില്ല

| സാമ്പത്തിക വർഷം | ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരമുള്ള എണ്ണം | ഡി&ഒ ലൈസൻസ് എടുത്തവർ | ലൈസൻസ് ഇല്ലാത്തവർ |
|---|---|---|---|
| 2019-20 | 564 | 409 | 155 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.49/19-20,20-21 തീയതി:18.10.2021) നിലവിൽ പ്രവർത്തിച്ചിരുന്നവർ കോവിഡും, പ്രളയവും മൂലം കച്ചവടം നിർത്തുകയും, ഗ്രാമപഞ്ചായത്തിൽ ബൈപ്പാസ് കടന്നു പോകുന്നതിന്റെ ഭാഗമായി സ്ഥലം ഏറ്റെടുപ്പ് നടക്കുന്നതിനാൽ പലർക്കും വാടക കരാർ ലഭിക്കാത്തതും, കെട്ടിടം ഒഴിഞ്ഞു പോകുന്നത് കാരണം ലൈസൻസ് എടുക്കാൻ സാധിക്കാതെയും വന്നിട്ടുണ്ട്. ഈ സാഹചര്യത്തിൽ അടിയന്തരമായി വാർഡുകളിൽ ഫീൽഡ് തല സന്ദർശനം നടത്തി ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി എല്ലാവർക്കും D&O ലൈസൻസ് എടുക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

## 1-26 തൊഴിൽ നികുതി അപാകതകൾ

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ ആകെ 60 ദിവസത്തിൽ കുറയാതെ താമസിച്ചു കൊണ്ട് അതിന് വെളിയിലോ, ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസു നടത്തുകയോ പൊതുവോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ മുതൽ മുടക്കുകളിൽ നിന്ന് ഏതെങ്കിലും ആദായം ലഭിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നതോ ആയ ഏതൊരാളും തൊഴിൽ നികുതി നല്കുവാൻ ബാധ്യസ്ഥരാണ്. (കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204).

തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്റർ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനം ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | സാമ്പത്തിക വർഷം | അർദ്ധ വർഷം | ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|
| 1. | HIRA PUBLIC SCHOOL | 2019-20 | II | 36 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.26/19-20,20-21 തീയതി: 13.10.2021) പ്രസ്തുത സ്ഥാപനത്തിൽ നിന്നും തുക ഈടാക്കുവാനുള്ള നടപടികൾ അത്രയും പെട്ടെന്ന് സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭിച്ചിട്ടുണ്ട്.

## 1-27 അങ്കണവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യ മിശ്രിതം ഗുണമേന്മ പരിശോധിച്ചതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്

സാമൂഹ്യ നീതി ഡയറക്ടറേറ്റിൽ നിന്നുള്ള നം.ഐ.സി.ഡി.എസ്/-3458/12 തീ.26-3-13 കത്ത് പ്രകാരം അനുപൂരക പോഷകാഹാര പരിപാടിയുമായി ബന്ധപ്പെട്ട് അംഗണവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യ പദാർത്ഥങ്ങൾ കേന്ദ്ര സർക്കാരിന്റെ ഫുഡ് അനാലിസിസ് ബിൽ പരിശോധന നടത്തണമെന്ന കേന്ദ്ര നിർദ്ദേശം (02.11.12ലെ D.O.No.114/2012-13/FN) അടിയന്തിരമായി നടപ്പിലാക്കുന്നതിന് മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ട്. ഭക്ഷ്യ പദാർത്ഥങ്ങളുടെ സാമ്പിൾ Deputy Technical Adviser, Ministry Of Women & Child Development, Food & Nutrition Board Southern Region Govt.of India, 26, Haddows Road, Shastri Bhavan, Chennai എന്ന മേൽവിലാസത്തിൽ 250 രൂപയുടെ ഡി.ഡി. സഹിതം പരിശോധനക്ക് അയക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. മേൽ ആവശ്യത്തിലേക്കുള്ള ചെലവ് കുടുംബശ്രീ യൂണിറ്റുകൾ തന്നെ വഹിക്കേണ്ടതാണ്. 2019-20 വർഷത്തിൽ 6 മാസം മുതൽ 3 വയസ്സ് വരെയുള്ള കുട്ടികൾക്ക് നൽകുന്നതിനായി ഓർജസ്, കാറളം എന്ന സ്ഥാപനത്തിൽ നിന്നുമാണ് ന്യൂട്രിമിക്സ് വാങ്ങിയിട്ടുള്ളത്. സാമ്പിൾ പരിശോധന നടത്തിയതിന്റെ റിപ്പോർട്ട് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.22/12.10.2021) നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ 2018-19 ലെ റിപ്പോർട്ടാണ് ലഭ്യമാക്കിയിട്ടുള്ളത്.

## 1-28 ലോഗ് ബുക്ക് പരിപാലനം-അപാകതകൾ

പഞ്ചായത്തിന്റെ ഉപയോഗത്തിലിരിക്കുന്ന കെ.എൽ47 -ജി-2814 ബൊലറൊ ജീപ്പിന്റെ ലോഗ് ബുക്ക്, റിപ്പയർ രജിസ്റ്റർ. ഫ്യൂവൽ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1) വാഹനത്തിൽ ഇന്ധനം നിറക്കുന്നത് ലോഗ് ബുക്കിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തുന്നില്ല. തന്മൂലം ഇന്ധനം നിറക്കുന്നത് ചട്ടപ്രകാരം ഫുൾടാങ്ക് കപ്പാസിറ്റിയിലാണെന്നും, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 19-7-21 തിയ്യതിയിലെ D-1/KL/G -2814/197/202 സാക്ഷ്യപത്രം പ്രകാരമുള്ള ഇന്ധന ക്ഷമത വാഹനത്തിന് ലഭ്യമാകുന്നുണ്ടോയെന്നും പരിശോധിക്കാൻ സാധിച്ചിട്ടില്ല

2)വാഹനത്തിന്റെ പ്രതിമാസ സംഗ്രഹം എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല

3) അറ്റകുറ്റ പണികളെ കുറിച്ചുള്ള വിവരങ്ങൾ ലോഗ് ബുക്കിൽ യഥാസമയം രേഖപ്പെടുത്തിയിട്ടില്ല.

മേൽ പറഞ്ഞിരിക്കുന്ന അപാകതകൾ പരിഹരിച്ച് സർക്കുലർ നം. 41/2008/ധന/02/08/2008പ്രകാരമുള്ള നിർദ്ദേശങ്ങൾക്ക് വിധേയമായി ലോഗ്ബുക്കും മറ്റ് അനുബന്ധ രജിസ്റ്ററുകളും കൃത്യമായി എഴുതി ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുണ്ട്.

## 1-29 മോണിട്ടറിങ്ങിന്റെ അഭാവം -പദ്ധതി നടത്തിപ്പിൽ അപാകതകൾ.

പദ്ധതി നമ്പർ - 128/19-20

കാലി തൊഴുത്ത് നവീകരണം

നിർവ്വഹണോദ്യോഗസ്ഥൻ –വെറ്ററിനറി സർജൻ

അടങ്കൽ -9,20,000

ചെലവ് -60,000.

വെറ്ററിനറി സർജൻ നടപ്പാക്കിയ കാലി തൊഴുത്ത് നവീകരണം പദ്ധതി പ്രകാരം 9,20,000 രൂപ വകയിരുത്തിയതിൽ, പതിമൂന്നാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ പ്രകാരം 25,000 രൂപ വരെ അനുവദിക്കാമെങ്കിലും, മൂന്ന് ഗുണഭോക്താക്കൾക്കായി 20,000 രൂപ വീതം കേവലം 60,000 രൂപ മാത്രമാണ് ചെലവഴിച്ചിരിക്കുന്നത് ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.30ന് ലഭ്യമാക്കിയ മറുപടി പ്രകാരം കൂടുതൽ ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭ്യമാകാൻ വേണ്ടിയാണ് സബ്സിഡി തുക കുറച്ച് ഗുണഭോക്താക്കളുടെ എണ്ണം കൂട്ടിയതെന്നാണ്. അതേസമയം യോഗ്യരായ ഗുണഭോക്താക്കൾക്ക് അർഹതപ്പെട്ട മുഴുവൻ തുകയും ലഭ്യമായിട്ടുമില്ല. പദ്ധതി നടത്തിപ്പിൽ മോണിട്ടറിങ്ങിന്റെ അഭാവം മൂലമാണ് ഇത്തരം അപാകതകൾ സംഭവിക്കുന്നതും, പദ്ധതിയുടെ പൂർണ്ണ പ്രയോജനം ലഭ്യമാകാത്തതെന്നും ഓഡിറ്റ് നിരീക്ഷിക്കുന്നു.

## 1-30 ലീഗൽ ചാർജ്ജസ്- സ്യൂട്ട് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല

പഞ്ചായത്തിൽ തൻ വർഷത്തിൽ വിവിധ കേസുകളിലായി വക്കീൽ ഫീസിനത്തിൽ അൻപത്തി രണ്ടായിരം രൂപ നൽകിയിട്ടുണ്ട്, എന്നാൽ ടി വിവരങ്ങൾ സ്യൂട്ട് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തി കാണുന്നില്ല. കോടതി വ്യവഹാരങ്ങളെ സംബന്ധിച്ച സുപ്രധാന രേഖയായതിനാൽ കേസിന്റെ സീരിയൽ നമ്പർ, ഫയൽനമ്പർ, സ്യൂട്ട് നമ്പർ, കോടതി, അഡ്വക്കറ്റിന്റെ വിവരങ്ങൾ, കേസിന്റെ സ്വഭാവം, കേസിന്റെ പുരോഗതി, ജഡ്ജ്മെന്റ് വിവരങ്ങൾ, അപ്പീൽ വിവരങ്ങൾ, ഫീസ് നൽകിയതിന്റെ വിവരങ്ങൾ, ആദായ നികുതി വിവരങ്ങൾ തീർപ്പാകാതെ അവശേഷിക്കുന്ന കേസുകളുടെ വിവരങ്ങൾ മുതലായവ രേഖപ്പെടുത്തി സ്യൂട്ട് രജിസ്റ്റർ ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-31 പൊതുടാപ്പുകൾ സംയുക്ത പരിശോധന നടത്തിയിട്ടില്ല.

പഞ്ചായത്തിൽ നിലവിലുള്ള പൊതുടാപ്പുകളുടെ കരമടവാക്കിയ ഇനത്തിൽ തൻവർഷം പതിനെട്ട് ലക്ഷത്തി അമ്പത്തിയെണ്ണായിരത്തി അഞ്ഞൂറ് രൂപയുടെ ചെലവുണ്ടായിട്ടുണ്ട്. പ്രതിവർഷം 354 പൊതുടാപ്പുകൾക്ക് (ഒന്നിന് 5250/-രൂപ വീതം പ്രതിവർഷം) പ്രതിമാസം 154875/-രൂപ അടച്ചു വരുന്നു. നിലവിലുള്ള പൊതുടാപ്പുകളുടെ എണ്ണത്തെ കുറിച്ച് കേരള വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ലായെന്നും ആയതിന് പല തവണ അറിയിപ്പ് നൽ കിയിട്ടുണ്ടെന്നുമാണ്, ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 41ന് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. തനത് ഫണ്ടിൽ നിന്ന് വലിയ തുകയുടെ ചെലവ് വരുന്ന സാഹചര്യത്തിൽ 30/5/2009 ലെ സ.ഉ.(സാധാ)നം.1275/2009/തസ്വഭവ 2.1 പ്രകാരമുള്ള സംയുക്ത പരിശോധന നടപടികൾ പൂർത്തിയാക്കി നിലവിലുള്ള ടാപ്പുകൾക്ക് മാത്രമേ കരമടവാക്കുന്നുള്ളൂയെന്നുറപ്പുവരുത്തേണ്ടതുമാണ്. സംയുക്ത പരിശോധന നടത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-32 പത്താംതരം തുല്യത പരീക്ഷ -പരീക്ഷയെഴുതിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

പ്രോജക്റ്റ് നം.65/20

വകയിരുത്തിയ തുക – വികസന ഫണ്ട് -35000/-

തനത് ഫണ്ട് – 35000/-

ആകെ - 70000/-

ചെലവ് – 35000/- തനത് ഫണ്ട് – വൗച്ചർ നം. 21901346/24.03.20

നിർവ്വഹണോദ്യോഗസ്ഥൻ – ഹെഡ്മാസ്റ്റർ ഗവ.എൽ.പി.സ്കൂൾ

എ-ലവൽ തുല്യതാ പഠിതാക്കൾക്ക് തുല്യതാ പരീക്ഷ ഫീസിനത്തിൽ 20 പേർക്ക് 1750/ രൂപ വീതം 35000/- രൂപ സാക്ഷരതമിഷന് നൽകിയിട്ടുണ്ട്. എന്നാൽ പഠിതാക്കൾ പരീക്ഷ എഴുതിയതിന്റെയോ,പാസ്സായതിന്റെയോ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിന്റെ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. മേൽ പരാമർശത്തിന് ഓഡിറ്റ് എൻക്വയറി (06/11.10.21) നൽകിയതിന് കോവിഡ് പ്രതിസന്ധി മൂലം പരീക്ഷ 01.09.20 ലാണ് നടന്നിട്ടുള്ളതെന്നും, ആയതിന്റെ പരീക്ഷഫലം ലഭ്യമായിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്.

## 1-33 മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ലാപ് ടോപ്പ് -കെൽട്രോണിന് തുക നൽകിയിട്ട് നാളിതു വരെ ലഭ്യമായിട്ടില്ല

പ്രോജക്റ്റ് നം. 71/20

വകയിരുത്തിയ തുക -തനത് ഫണ്ട് -300000/

ചെലവ്-228950/- തനത് ഫണ്ട്-ചെക്ക് നം. 6000365/24.03.2020

നിർവ്വഹണോദ്യോഗസ്ഥൻ – സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്

മേൽ പ്രോജക്റ്റ് പ്രകാരം മത്സ്യതൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് ലാപ്ടോപ്പ് വിതരണം ചെയ്യുന്നതിന് പ്രൊഫോർമ ഇൻവോയ്സ് 16130/TVM/ITGB/p1/RC/16130/19-20/26.02.20 പ്രകാരം 10 ലാപ്ടോപ്പ് വിലയായ 228950/- രൂപ കേരള ഐ.ടി മിഷന് കൈമാറിയിട്ടുണ്ട്. എന്നാൽ നാളിതുവരെ ലാപ്ടോപ്പ് ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്താക്കളിൽ ഭൂരിപക്ഷവും വിദ്യാഭാസം പൂർത്തീകരിച്ചതിനാൽ ലാപ്ടോപ്പ് ലഭ്യമാക്കി നിലവിൽ വിദ്യാർത്ഥികളായ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ഗുണഭോക്താക്കളിൽ ഉൾപ്പെട്ട യദുപ്രിയ, D/O യതീഷ്ബാബു, കിഴക്കേടത്ത്, കുരിക്കുഴി എന്ന ഗുണഭോക്താവ് വരുമാനം, പഠിക്കുന്നതിന്റെ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല. ലാപ്ടോപ്പ് ലഭിച്ചിട്ടില്ലാത്തതിനാൽ മേൽ പ്രകാരം ചെലവഴിച്ച 228950/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. .

## 1-34 മഴക്കാല പൂർവ്വ ശുചീകരണം-ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല.

മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനത്തിനായി മെഡിക്കൽ ഓഫീസർ പി.എച്ച്.സി.യ്ക്ക് 19-20 വർഷം 300000/- രൂപ വൗച്ചർ നം. 21900264/ 20.6.2019 പ്രകാരം അഡ്വാൻസ് അനുവദിച്ചിട്ടുണ്ട്. എന്നാൽ ആയതിന്റെ ചെലവു രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. അഡ്വാൻസ് തുക ക്രമീകരിച്ചതിന്റെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. മേൽ പ്രകാരമുള്ള രേഖകൾ ഹാജരാക്കുന്നതു വരെ ചെലവഴിച്ച തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നമ്പർ -37/16.10.21)

## 1-35 സ്കൂളിൽ ജൈവ വൈവിധ്യ പാർക്ക്-കരാറുകാരനിൽ നിന്നും ഇൻകംടാക്സ് ഈടാക്കിയിട്ടില്ല

പ്രോജക്റ്റ് നം. 105/20

കരാറുകാരൻ - കെ.എം .വിജയൻ

വകയിരുത്തിയ തുക – വികസന ഫണ്ട് -62200/

ചെലവ്-62200/- വൗച്ചർ നം. 21900204/17.04.2019

നിർവ്വഹണോദ്യോഗസ്ഥൻ – ഹെഡ്മാസ്റ്റർ ഗവ.എൽ.പി.സ്കൂൾ

മേൽ പ്രോജക്റ്റ് പ്രകാരം മൂന്ന് സ്കൂളുകളിൽ ജൈവവൈവിധ്യ പാർക്ക് ഉണ്ടാക്കുന്നതിനുള്ള പ്രോജക്റ്റ് തൻവർഷം സ്പിൽ ഓവർ ആയി ഉൾപ്പെടുത്തുകയും62200/ രൂപ കരാറുകാരന് നൽകുകയും ചെയ്തു. എന്നാൽ കരാറുകാരനിൽ നിന്നും ഇൻകംടാക്സ് ആക്ട് സെക്ഷൻ 196 സി പ്രകാരമുള്ള 1% ഇൻകംടാക്സ് ഈടാക്കിയിട്ടില്ല. ആയത് ഈടാക്കി അടവാക്കേണ്ടതാണ്.

## 1-36 വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കലും പുതിയ പോസ്റ്റ് സ്ഥാപിക്കലും,പൂർത്തീകരണ വിവരം ലഭ്യമല്ല.

നിർവ്വഹണോദ്യോഗസ്ഥൻ – സെക്രട്ടറി
പ്രോജക്റ്റ് നം. 119/20

വൗച്ചർ നം./ തിയതി, ഉക – 21900205/17.04.19 –542000/-

വൗച്ചർ നം./ തിയതി, ഉക – 21900313/01.06.19 –256422/-

വൗച്ചർ നം./ തിയതി, ഉക – 21901025/19.12.19 - 386512/-

കയ്പമംഗലം ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കുന്നതിന് മേൽ പ്രോജക്റ്റ് പ്രകാരം പദ്ധതി വിഹിതത്തിൽ നിന്നും 542000/- രൂപയും,ധനകാര്യ കമ്മീഷൻ ഗ്രാന്റിനത്തിൽ 642934/- രൂപയും കൂടി ആകെ 1184934/ രൂപ അസിസ്റ്റന്റ് എഞ്ചിനീയർ,കെ.എസ്.ഇ.ബി, കയ്പമംഗലത്തിന് നൽകിയിട്ടുണ്ട്. ആയതിന്റെ പൂർത്തീകരണ വിവരം ലഭ്യമായിട്ടില്ല.

കേരള പൊതുമരാമത്ത് മാന്വൽ ഖണ്ഡിക 2267,2100കേരള പൊതുമരാമത്ത് ഡി കോഡ് ഖണ്ഡിക 167,കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 194 എന്നിവ പ്രകാരം നിർദ്ദേശിച്ച രീതിയിൽ പണി പൂർത്തീകരിക്കുന്ന മുറക്ക് പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് നിർവ്വഹണ ഏജൻസിക്ക് ചുമതലയുണ്ട്.കരാറില്ലാതെ കൈമാറിയ 1184934/ രൂപയുടെ പ്രവൃത്തി പൂർത്തിയാക്കി വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി 45 തീയതി 18/10/21)

## 1-37 കുഴിച്ചെടുത്ത മണ്ണ് എന്ത് ചെയ്തു എന്ന് അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ –അസി.എഞ്ചിനീയർ
താഴെ കൊടുക്കുന്ന പ്രൊജക്റ്റുകൾ പ്രകാരം മണ്ണ് കുഴിച്ചെടുത്തിട്ടുണ്ടെങ്കിലും ആയത് എന്തു ചെയ്തു എന്ന് അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല.

| ക്രമനം | പ്രൊജക്റ്റ് നം, അടങ്കൽ, ഫണ്ട് | പ്രവൃത്തി | കരാറുകാരൻ, കരാർ | ഇനം | ഇനം കുഴിച്ചെടുത്ത മണ്ണിന്റെ | ബിൽ നം.,തുക |
|---|---|---|---|---|---|---|

| | | | | | അളവ് | |
|---|---|---|---|---|---|---|
| 1 | 109/20,803000. റോഡ് സംരക്ഷണ ഗ്രാന്റ് | നമ്പ്രാട്ടിച്ചിറ തോട് റോഡ് റിനൊവേഷൻ | എം.എം.ഹാഷിം | 2.1 | 26.32 $M^3$ | 4/26/4 /19,118672 33/22/11/19, 178350/- |
| 2 | 206/20.750000, റോഡ് സംരക്ഷണ ഗ്രാന്റ് | ശാന്തിനഗർ മദ്രസ റോഡ് റിനൊവേഷൻ | എം.എം.ഹാഷിം | 2.1 | 60 $M^3$ | 5/26/4/19, 10418 17/25/7/19, 650904/- |
| 3 | 152/20, 670000, റോഡ് സംരക്ഷണ ഗ്രാന്റ് | അഹമ്മദ് ഹാജി റോഡ് റീടാറിങ്, കാന | എം.എം.ഹാഷിം | 2.1 | 75.80$m^3$ | 7/10/7/19, 659422/- |

1(1)/26/6/19 നമ്പർ ഭരണസമിതി തീരുമാനത്തിൽ സലഫി റോഡ് കാന, വഴിയമ്പലം അഗസ്ത്യേശ്വരം റോഡ് കാന,അഹമ്മദ് ഹാജി റോഡ് കാന എന്നീ മൂന്ന് പ്രൊജക്റ്റുകളിലായി കുഴിച്ചെടുത്ത മണ്ണ് ലേലം ചെയ്തതു പ്രകാരമുള്ള തുക യഥാക്രമം 295000രൂപ, 40000 രൂപ, 3500 രൂപ എന്നിവ അംഗീകരിച്ചിട്ടുണ്ട്. ഇവയിൽ രണ്ടാമത്തെ പ്രൊജക്റ്റ് പരിശോധിച്ചപ്പോൾ ലഭിച്ച മണ്ണ് 41.79 $M^3$ എന്നും മൂന്നാമത്തെ പ്രൊജക്റ്റ് പ്രകാരം കുഴിച്ചെടുത്ത മണ്ണ് 16.80 $M^3$ എന്നും കണ്ടു. മോർഡ് സ്പെസിഫിക്കേഷൻ കോസ്റ്റ് ഇൻഡക്സ് കൂടി ഉൾപ്പെടെ 1m3 മണ്ണിന് 209 രൂപ വില വരുന്നതാണ്. എങ്കിലും ലേലം നടത്തുമ്പോൾ പലപ്പോഴും ഇതിനേക്കാൾ കൂടിയ വില കിട്ടാറുണ്ട്. കുഴിച്ചെടുക്കുന്ന മണ്ണ് എപ്രകാരമുള്ളതാണെന്ന് പരിശോധിച്ച ശേഷമാണ് ലേലക്കാർ തുക ക്വട്ട് ചെയ്യുന്നത്. കാനകൾ കുഴിച്ചെടുക്കുമ്പോൾ ലഭിക്കുന്ന മണ്ണ് സ്വഭാവികമായും ഫില്ലിങ്ങിന് യോഗ്യമായതിനാൽ ഇത്തരം മണ്ണ് ലേലനടപടികൾക്ക് ശുപാർശ ചെയ്യാൻ നടപടികൾ എടുക്കുക എന്നതായിരുന്നു നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ ചെയ്യേണ്ടിയിരുന്നത്. ആയതിനാൽ കുഴിച്ചെടുത്ത മണ്ണിന്റെ നിജസ്ഥിതി എന്തെന്ന് വ്യക്തമാക്കേണ്ടതും ആയത് എത്രയും വേഗം ലേലം ചെയ്ത് തുക ഗ്രാമപഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി 14/12.10.21)

## 1-38 കരാറുകാരൻ കരാറിൽ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല

താഴെ കൊടുക്കുന്ന പ്രൊജക്റ്റ് പ്രകാരം അസി.എൻജിനീയർ നിർവഹിച്ച പ്രവൃത്തികളുടെ കരാറിൽ കരാറുകാരൻ ഒപ്പ് രേഖപ്പെടുത്തിയില്ല എന്ന് കാണുകയുണ്ടായി.

| പ്രൊജക്റ്റ് നം. | പ്രവൃത്തി | കരാറുകാരൻ,കരാർ | ബിൽ നം.,തുക |
|---|---|---|---|
| 144/20 | ചളിങ്ങാട് പനമ്പിക്കുന്ന് റോഡിൽ കാന | ഇ.എൻ.ഉണ്ണികൃഷ്ണൻ. 63/AE/LSGD/KPM/12 /11/18 | 47/13.07.20, 271510 |

കരാറുകാർ കരാറുകളിൽ ഒപ്പിടാത്ത സംഗതികളിൽ അവർ പ്രവൃത്തി നിർവഹിക്കാതിരുന്നാൽ അപ്രകാരമുള്ള കൃത്യവിലോപത്തിന് അവരുടെ മേൽ കുറ്റം ആരോപിക്കുവാൻ കഴിയുകയില്ല. ആയതിനാൽ കരാർ ചമക്കുന്ന സംഗതികളിൽ വേണ്ടത്ര ശ്രദ്ധയോടെയും ശുഷ്കാന്തിയോടും കൂടി നടപടിക്രമം പാലിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 12/12.10.21)

## 1-39 കുഴിച്ചെടുത്ത മണ്ണ് ബാക്ക് ഫില്ലിങ്ങിനായി ഉപയോഗിച്ചു എന്നത് അംഗീകരിക്കാനാകില്ല

താഴെ പറയുന്ന പ്രവൃത്തികളുടെ ഭാഗമായി കുഴിച്ചെടുത്ത മണ്ണ് ബാക്ക് ഫില്ലിങ്ങിനായി ഉപയോഗിച്ചു എന്ന് അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കാനകൾ നിർമിക്കുമ്പോൾ ലഭിക്കുന്നമണ്ണ് ബാക്ക് ഫില്ലിങ്ങിനായി ഉപയോഗിക്കുകയാണെങ്കിൽ മഴക്കാലം വരുമ്പോൾ ആ മണ്ണ് വീണ്ടും കാനയിലേക്ക് തന്നെ എത്തിച്ചേർന്ന് നീരൊഴുക്കിന് തടസ്സം നിൽക്കുന്നതാണ്. കാനകൾ നിർമിക്കുമ്പോൾ ലഭിക്കുന്ന മണ്ണ് ഫില്ലിങ്ങിനായി എസ്റ്റിമേറ്റിൽ വകയിരുത്തിയിട്ടില്ലാത്തതിനാൽ ഇപ്രകാരം ലഭിക്കുന്ന മണ്ണ് ലേലം നടത്തുന്നതിനായി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് കൈമാറുകയാണ് ശരിയായ നടപടി. ഇത് ലേലം ചെയ്ത് കിട്ടുന്ന തുക പഞ്ചായത്തുഫണ്ടിന് നല്ലൊരു മുതൽക്കൂട്ടാവുന്നതുമാണ്.

അസി.എൻജിനീയർ നിർവഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതികളിൽ ബാക്ക് ഫില്ലിങ്ങിനായി കുഴിച്ചെടുത്ത മണ്ണ് ഉപയോഗിച്ചതിന്റെ വിവരം താഴെ കൊടുക്കുന്നു.

| ക്രമനം. | പ്രൊജക്റ്റ് നം., അടങ്കൽ, ഫണ്ട് | പ്രവൃത്തി | കരാറുകാരൻകരാർ, അളവുപുസ്തകം | ഇനം | കുഴിച്ചെടുത്ത മണ്ണ് | ബിൽ നം./ തുക |
|---|---|---|---|---|---|---|
| 1 | 81/20,552000, ബ്ലോക്ക് പഞ്ചായത്ത് വിഹിതം- 250000 | അക്ഷര അംഗനവാടിക്കുസമീപം കാന നിർമാണം | എം.ഡി.സന്തോഷ്, 13/AE/LSGD /KPM/16.9.19, 77/19-20 | 1 | 90.59 $M^3$ | 46/13.3.20, 182956/- |

| | | | | | | |
|---|---|---|---|---|---|---|
| | CFC-252000 | | | | | |
| 2 | 144/20, 342000 റോഡ് സംരക്ഷണഗ്രാന്റ് | ചളിങ്ങാട് പനമ്പിക്കുന്ന് റോഡിൽ കാന | ഇ.എൻ.ഉണ്ണികൃഷ്ണൻ 63/AE/LSGD /KPM/12.11.18 78/19-20 | 1 | 49.78 $M^3$ | 47/13.3.20, 271510/- |

മേൽപറഞ്ഞ പ്രകാരം അപാകത സംഭവിക്കാനുണ്ടായതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി 17/12.10.2021)

## 1-40 പ്രൈസ് സോഫ്റ്റ് വെയറിൽ അധിക ഓവർഹെഡ് ചാർജ് തയ്യാറാക്കുന്നതുമൂലം അധികച്ചെലവ്

7/5/19 ലെ ത.സ്വ.ഭ. വകുപ്പിന്റെ സ.ഉ.(എം.എസ്)74/14 നമ്പർ ഉത്തരവിൽ5%ഓവർഹെഡ് ചാർജ് ആണ് അനുവദിച്ചിട്ടുള്ളത്. എന്നാൽ ത.സ്വ.ഭ.വകുപ്പ് സ്ഥാപനങ്ങളിലെ മരാമത്ത് പണികൾക്ക് വേണ്ടി PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റുകളിൽ 10% ഓവർഹെഡ് ചാർജ് ആണ് അനുവദിച്ചിട്ടുള്ളത്. ഇതിൻമേൽ 10% കോൺട്രാക്ടറുടെ ലാഭം കൂടി ഉൾപ്പെടുത്തുമ്പോൾ കരാറുകാർക്ക് അധികതുക ലഭിക്കുന്നുണ്ട്. ഇക്കാര്യം ചീഫ് എൻജിനീയറുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്. (ഓഡിറ്റ്എൻക്വയറി29/13.10.20)

## 1-41 കാലി ബാരലിന്റെ വില ഈടാക്കിയിട്ടില്ല.

ബിറ്റുമിൻ ഇമൽഷനുകൾ എന്നിവ ആവശ്യമായി വരുന്ന റോഡ് പ്രവൃത്തികളിൽ നിലവിലുള്ള സ്പെസിഫിക്കേഷൻ പ്രകാരം പാക്ക്ഡ് ബിറ്റുമിൻ ആണ് ഉപയോഗിക്കുന്നത്. ഇത്തരം സംഗതികളിൽ കാലി ബാരലിന്റെ വിലയായ 238 രൂപയും അതിൻമേലുള്ള ചരക്കുസേവനനികുതിയും ഈടാക്കേണ്ടതാണെങ്കിലും അപ്രകാരം ഈടാക്കിയിട്ടില്ല. ആയതിനാൽ ഓരോ പ്രവൃത്തിക്കും കരാറുകാർ എത്ര ബാരൽ ബിറ്റുമിൻ, ഇമൽഷനുകൾ ഉപയോഗിച്ചു എന്ന് പരിശോധിച്ച് ആയതിന് ആനുപാതികമായ തുക അവരിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 29/13.10.2021)

## 1-42 വർക്കിങ് ഗ്രൂപ്പ് മിനിറ്റ്സ് ഹാജരാക്കിയിട്ടില്ല

സെക്രട്ടറി, അസി.സെക്രട്ടറി, ഐ.സി.ഡി.എസ് സൂപ്പർവൈസർ, വി.ഇ.ഒ എന്നിവർ ഒഴികെയുള്ള നിർവ്വഹണ ഉദ്യോഗസ്ഥർ വർക്കിങ് ഗ്രൂപ്പ് മിനിറ്റ്സ് ഹാജരാക്കിയിട്ടില്ല. മേൽപറഞ്ഞ നിർവ്വഹണ ഉദ്യോഗസ്ഥർ ആയത് എത്രയും വേഗം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-43 മോണിറ്ററിങ് റിപ്പോർട്ട് ഫയലിലില്ല, വർക്കിങ് ഗ്രൂപ്പ് മോണിറ്ററിങ് നടത്തിയതായി രേഖപ്പെടുത്തലുകളില്ല

13 ാം പദ്ധതി മാർഗരേഖയിലെ (സ.ഉ.( കൈ)11/18/ത.സ്വ.ഭ.വ.തിരുവനന്തപുരം തീയ്യതി 20/1/18 ) 13.1 ഖണ്ഡിക അനുസരിച്ച് അതാത് വർക്കിങ് ഗ്രൂപ്പ് മോണിറ്ററിങ് നടത്തണമെന്ന് നിർദേശിക്കുന്നുണ്ട്. പദ്ധതി രൂപീകരണത്തിന് ശേഷം വർക്കിങ് ഗ്രൂപ്പ് മോണിറ്ററിങ് ഗ്രൂപ്പ് ആയി പ്രവർത്തിക്കേണ്ടതും മോണിറ്ററിങ് റപ്പോർട്ട് തയ്യാറാക്കി നിർവഹണോദ്യോഗസ്ഥനും ഭരണസമിതിക്കും സമർപ്പിക്കേണ്ടതുമാണ്. പക്ഷെ ഒരു മരാമത്ത് പ്രൊജക്റ്റിന്റെയും ഫയലിനൊപ്പവും മോണിറ്ററിങ് റിപ്പോർട്ട് സൂക്ഷിച്ചിട്ടില്ല. മാത്രമല്ല, മോണിറ്ററിങ് നടത്തിയതിന്റെ വിവരം വർക്കിങ് ഗ്രൂപ്പ് മിനിറ്റ്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുമില്ല.

വർക്കിങ് ഗ്രൂപ്പുകൾ അവർക്ക് നിക്ഷിപ്തമായ ചുമതലകൾ ആധികാരികമായി നിർവഹിക്കുവാൻ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-44 ചമച്ചിട്ടുള്ള കരാറുകൾ കാലികമല്ല

2012ലെ പുതുക്കിയ കേരള പൊതുമരാമത്ത് മാന്വലിൽ അനുശാസിക്കുന്ന മാർഗനിർദേശങ്ങൾ പ്രകാരമല്ല ഗ്രാമപഞ്ചായത്തിൽ നിർവഹണോദ്യോഗസ്ഥൻ ആയ അസി.എൻജിനീയർ കരാറുകാരുമായി ഉടമ്പടിയിൽ ഏർപ്പെട്ടിരിക്കുന്നത്.
1)കരാറിലെ ഏഴാം നിബന്ധന പ്രകാരം മുൻകൂട്ടി കാണാൻ കഴിയാത്ത കാരണത്താൽ സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയാത്തപക്ഷം പ്രവൃത്തികാലയളവിന്റെ 20% അധികസമയം അനുവദിക്കാം. തുടർന്നുവരുന്ന ആദ്യ മൂന്നുമാസത്തിനു കരാർ തുകയുടെ ഒരു ശതമാനം നിരക്കിലും പിന്നീട്ടുള്ള ഓരോ മൂന്ന് മാസത്തിനും കരാർ തുകയുടെ രണ്ട് ശതമാനം നിരക്കിലും പിഴ ഈടാക്കി പ്രവൃത്തി നിർവഹിക്കാം എന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളത് 2012ലെ കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണ്. 2012 ലെ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ നിബന്ധന പ്രകാരം സമയബന്ധിതമായ പ്രവൃത്തി പൂർത്തിയാക്കാൻ കഴിയാത്ത പക്ഷം ആദ്യ തവണ കരാർ കാലാവധിയുടെ 25% അല്ലങ്കിൽ 6മാസം വരെയും തുടർന്ന് ഒരു പ്രാവശ്യം കൂടി 25% കാലാവധി നീട്ടികൊടുക്കാൻ മാത്രമാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. ആകെ ദീർഘിപ്പിക്കുന്ന സമയം കരാർ കാലാവധിയുടെ 50% അധികരിക്കാനും പാട്ടുള്ളതല്ല. ആദ്യ മൂന്ന് മാസം പ്രവൃത്തിക്ക് വരാവുന്ന തുകയുടെ ഒരു ശതമാനം നിരക്കിലും തുടർന്നുള്ള മൂന്ന് മാസം രണ്ട് ശതമാനം പിഴ ഈടാക്കിക്കൊണ്ട് പ്രവൃത്തി നിർവഹിക്കാം. ഇതിന് ശേഷം സമയം നീട്ടി നൽകുന്നതുമല്ല. യാതൊരു കാരണവശാലും പ്രവൃത്തികാലയളവിന്റെ അമ്പത് ശതമാനത്തിൽ കൂടുതൽസമയം നീട്ടി അനുവദിക്കുന്നതുമല്ല. 2012ലെ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ എല്ലാ ത.സ്വ.ഭ.വ സ്ഥാപനങ്ങൾക്കും ബാധകമാക്കിയെടുത്തിട്ടുള്ളതിനാൽ ആയതിന് അനുസൃതമായ കരാർ ഉടമ്പടികൾ ചമക്കുവാൻ നിർബന്ധമായും ശ്രദ്ധിക്കേണ്ടതാണ്.

## 1-45 അംഗണവാടികളുടെ അറ്റകുറ്റപ്പണി -കരാറിൽ കരാറുകാരനും നിർവഹണോദ്യോഗസ്ഥയും ഒപ്പും വിവരങ്ങളും രേഖപ്പെടുത്തിയിട്ടില്ല.

അസി.എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഗ്രാമപഞ്ചായത്തിലെ വിവിധ അംഗണവാടികളുടെ അറ്റകുറ്റപ്പണികൾ എന്ന പ്രൊജക്റ്റിൽ പ്രവൃത്തി സംബന്ധിച്ച കരാറിൽ കരാറുകാരനും നിർവ്വഹണ ഉദ്യോഗസ്ഥനും ഒപ്പിട്ടില്ല എന്ന് മാത്രമല്ല, യാതൊരു വിവരങ്ങളും രേഖപ്പെടുത്തിയിട്ടുമില്ല. പ്രൊജക്റ്റ് സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നം | 124/20 |
| കരാറുകാരൻ | എം.എം.ഹാഷിം |
| കരാർ | 44/AE/LSGD /KPM/19/4/18 |
| അളവുപുസ്തകം | 54/17-18, 61/17-18 |
| ബിൽ നമ്പർ, തുക | 3/25/4/19, 1038327 രൂപ സംരക്ഷണഗ്രാന്റ്-റോഡിതരം |

കരാർ സംബന്ധിച്ച ആധികാരികവിവരങ്ങൾ രേഖപ്പെടുത്താതെ സംയുക്ത ഉത്തരവാദികൾ പ്രവൃത്തി നടപ്പിലാക്കിയത് ശരിയായ നടപടിയല്ല. ഇക്കാര്യത്തിൽ വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-46 അടങ്കൽ തുക മറികടന്ന് തനത് ഫണ്ട് അനുവദിച്ചു

നിർവ്വഹണം:- അസിസ്റ്റന്റ് എഞ്ചിനീയർ

പ്രൊജക്റ്റ് നമ്പർ 36/20 പ്രകാരമുള്ള തഖ റോഡ് ഫില്ലിങ് എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് സി.എഫ്.സി. ഗ്രാന്റ് 195000 രൂപയാണ് വകയിരുത്തിയിരുന്നത്. എന്നാൽ ഈ പ്രവൃത്തിക്ക് ആകെ227275 രൂപ ചെലവഴിച്ചിട്ടുണ്ട്. പക്ഷെ 228000 രൂപക്കുള്ള എസ്റ്റിമേറ്റ് അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കി സാങ്കേതിക അനുമതി ലഭിച്ചതിന്റെ വിവരം ഫയലിലില്ല. എം.എം. ഹാഷിം എന്ന കരാറുകാരനാണ് പ്രവൃത്തി ചെയ്തത് (കരാർ നം. 3/AE/LSGD/KPM/16/9/19). അളവുപസ്തകം 93/19-20 പ്രകാരം പ്രവൃത്തിമൂല്യം 227275 രൂപയാണ്. ഇത്രയും തുക അനുവദിച്ചതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| ബിൽ നം | തുക | വൗച്ചർ നം | തുക |
|---|---|---|---|
| 36/11/12/19 | 195000 രൂപ | 21900870/12/12/19 | 32275 രൂപ |

ഈ പ്രൊജക്റ്റ് റിവൈസ് ചെയ്ത് ഡി.പി.സി.അംഗീകാരം ലഭിച്ചതിന്റെ വിവരം ഫയലിലില്ല. അംഗീകൃത എസ്റ്റിമേറ്റിൽ നിന്നും വ്യതിചലിച്ച് തുക നൽകിയതിനാൽ അധികം നൽകിയ 32275/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-47 മരാമത്ത് - പദ്ധതി പ്രവർത്തനവും പദ്ധതിച്ചെലവും

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് എഞ്ചിനീയർ

തൻവർഷം 83 പ്രൊജക്റ്റുകൾ ആവിഷ്കരിച്ചതിൽ 39 (46.99%) പ്രൊജക്റ്റുകൾക്ക് വേണ്ടിയാണ് തുക ചെലവഴിക്കാൻ കഴിഞ്ഞിട്ടുള്ളത്. 41877666 രൂപയുടെ അടങ്കൽ ആവിഷ്കരിച്ചതിൽ 14295816 (34.14%) രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. തൻവർഷം പദ്ധതി പ്രവർത്തനത്തിൽ കാര്യമായ ചലനങ്ങളൊന്നും തന്നെ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടില്ല എന്നത് മേൽകാണിച്ച കണക്കുകളിൽനിന്ന് വ്യക്തമാണ്. അടുത്തവർഷം കുറെക്കൂടി പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട് എന്നു മാത്രമാണ് എടുത്തുപറയാനുള്ളത്. ആവിഷ്കരിക്കുന്ന മുഴുവൻ പ്രൊജക്റ്റുകൾക്ക് വേണ്ടി പരമാവധി തുകയും ചെലവഴിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-48 തൊഴിലുറപ്പുപദ്ധതി-പ്രവർത്തനവിവരം

തൻവർഷം 1693 പ്രൊജക്റ്റുകൾ ആവിഷ്കരിച്ചെങ്കിലും 294 പ്രൊജക്റ്റുകൾ മാത്രമേ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുള്ളൂ. പ്രധാനമായും ഭൂവികസനപ്രവർത്തനങ്ങളും നീർത്തടവികസന പ്രവർത്തനങ്ങളുമാണ് തൻവർഷം നടത്തിയത്. ഇവക്കായി യഥാക്രമം 9787600 രൂപയും 8755600 രൂപയും ചെലവിട്ടു. വ്യക്തിഗത പ്രവൃത്തികൾക്കായി 1158800 രൂപയും ചെലവിട്ടു. 227 കുടുംബങ്ങൾക്ക് നൂറ് ദിവസത്തെ തൊഴിൽ നൽകി. തൻവർഷം ആസ്തികളൊന്നും സൃഷ്ടിക്കാൻ കഴിയാത്തത് ന്യൂനതയാണ്.

## 1-49 തൊഴിലുറപ്പുപദ്ധതി-അളവുപരിശോധന അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയില്ല

താഴെപറയുന്ന പ്രവൃത്തികളുടെ അളവുപരിശോധന അക്രഡിറ്റഡ് എഞ്ചിനീയർ അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല എന്ന് പരിശോധനയിൽ കണ്ടു.

| ക്രമ നം. | പ്രവൃത്തി | മസ്റ്റർറോൾ നം. | അളവുപുസ്തകം | പ്രവൃത്തിമൂല്യം |
|---|---|---|---|---|
| 1 | ഹിറ സ്കൂൾ പരിസരം റോഡ് പുനരുദ്ധാരണം | 1123 | 1140-19-20 | 12257, Page-5 |
| 2 | „ | 1516 | „ | 14299 ,Page-8 |
| 3 | „ | 1854 | „ | 15321, Page-11 |

| | | | | |
|---|---|---|---|---|
| 4 | പുതിയവീട്ടിൽ കുഞ്ഞിമുഹമ്മഹദ് പരിസരം | 1273 | 112/18-19 | 26834.80, Page-12 |
| 5 | ,, | 1638 | ,, | 18847, Page-15 |
| 6 | ബിസ്മി പരിസരം | 1804 | ,, | 20451, Pge-18 |
| 7 | വലികത്ത് അക്കാലി തോട് പുനരുദ്ധാരണം, സൈഡ് സംരക്ഷണം | 1403 | 109/18-19 | 11353, Page-15 |
| 8 | ,, | 1537 | ,, | 14103, Page-19 |

അളവു പുസ്തകത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ അളവുപരിശോധന നടത്താത്തത് ശരിയായ നടപടിയല്ല. ഇക്കാര്യത്തിൽ വിശദീകരണം ലഭ്യമാക്കേണ്ടതും അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-50 വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് വിതരണം (എസ്.സി):-അപാകത

അസി.സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 2019-20 വർഷം പദ്ധതി നം.S0111/20(spill Over)പ്രകാരം 25 വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് വിതരണം നടത്തിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ 2018-19 ലെ പദ്ധതി പ്രകാരം ഗുണഭോക്താക്കൾ ആയിരുന്ന വിദ്യാർത്ഥികളിൽ ഭൂരിഭാഗവും ഫൈനൽ ഇയർ വിദ്യാർത്ഥികളായിരുന്നു. 2019-20 പദ്ധതി പ്രകാരം ലാപ്പ് ടോപ്പ് നൽകുമ്പോൾ ഇവർ വിദ്യാർത്ഥികളാണോ എന്ന് തെളിയിക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പദ്ധതിയുടെ ലക്ഷ്യം പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. ഇക്കാര്യത്തിൽ മറുപടി ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.24/12.10.2021) ലഭ്യമാക്കിയ മറുപടിയിൽ തുടർ വർഷങ്ങളിൽ ഇക്കാര്യം ശ്രദ്ധിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശത്തിന് അനുസരണമായി മാത്രം പ്രവൃത്തികൾ നിർവ്വഹണം നടത്തുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

| വിതരണം ചെയ്ത സ്ഥാപനം | എണ്ണം | ബിൽ നം. | തുക |
|---|---|---|---|
| കെൽട്രോൺ | 25 | 01/19-20/04.05.2019 | 740000/- |

## 1-51 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

നിർവ്വഹണോദ്യോഗസ്ഥൻ – അസിസ്റ്റന്റ് സെക്രട്ടറി.
2019-20 വർഷം നടപ്പിലാക്കിയ ഒമ്പതാം വാർഡ് കോളനിയിൽ കുടിവെള്ളം എത്തിക്കൽ പദ്ധതി (നം.S0170/20) പ്രകാരം 40000/- രൂപ (ബിൽ. നം .12/19-20/21.01.2020) കേരള വാട്ടർ അതോറിറ്റി, പി.ച്ച്.ഡിവിഷൻ, ഇരിങ്ങാലക്കടയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം .25/12.10.2021)

## 1-52 വി.ഇ.ഒ.കൈപ്പമംഗലം(സർക്കിൾ) നടപ്പിലാക്കിയ പദ്ധതിയിൽ അധിക തുക 140000/-രൂപ നൽകി

2019-20 വർഷം നടപ്പിലാക്കിയ ലൈഫ് മിഷൻ ജനറൽ ഭവന നിർമ്മാണം (S0179/20) പദ്ധതികളിൽ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് 140000/-അർഹതയുള്ളതിനേക്കാൾ അധിക തുക നൽകിയിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

1.അധിക തുക നൽകി

| പദ്ധതി നം./പേര് | പദ്ധതി പ്രകാരം നൽകേണ്ട തുക | നൽകിയ തുക | | ബിൽ / വൗച്ചർ നം | ഗുണഭോക്താവിന്റെ പേര് |
|---|---|---|---|---|---|
| | | തിയതി | തുക | | |
| ലൈഫ് മിഷൻ ജനറൽ ഭവന നിർമ്മാണം,S0179/20 | 400000/- | 02.07.2018<br>05.01.2019<br>-<br>26.08.2019<br>14.10.2019<br>09.01.2020 | 40000<br>160000<br>60000<br>100000<br>40000<br>100000<br>500000 | 06/2019-20 /16.10.2019,920000 | നഫീസ ഇബ്രാഹീം, പുളിയപ്പറത്ത് വീട്, പി.ഒ.കൈപ്പമംഗലം. |
| | 400000/- | 02.07.2018<br>- | 40000 | 06/2019-20 /16.10.2019, | ഷമീറ സിദ്ധിക്ക്, തിണ്ടിക്കൽ വീട്, |

| | | | | | |
|---|---|---|---|---|---|
| | | -<br>28.08.2019<br>14.10.2019 | 160000<br>100000<br>100000<br>40000<br>440000 | 920000&21900324/ 15.07.2019,100000/- | പി.ഒ. കരിക്കുഴി, കൈപ്പമംഗലം. |

2.2019-20 വർഷം പുതിയതായി നടപ്പിലാക്കിയ ലൈഫ് മിഷൻ പദ്ധതികളുടെ രജിസ്റ്ററുകൾ ലഭ്യമാക്കിയില്ല.

3.ലൈഫ് മിഷൻ പദ്ധതികളുടെ അപേക്ഷകൾ പരിശോധിച്ചതിൽ സ്റ്റേജ് സർട്ടിഫിക്കറ്റുകൾ ലഭ്യമല്ല.
മുകളിൽ പറഞ്ഞ അപാകതകൾ പരിഹരിക്കേണ്ടതും അധികം നൽകിയ 140000/-രൂപ ഈടാക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നം . 39 /13.10.2021)

## 1-53 അംഗനവാടി തൊഴിലാളികളുടേയും സഹായികളുടേയും പ്രതിഫലം 2018-19 വർഷത്തെ വിഹിതം തൻവർഷത്തെ വികസന ഫണ്ടിൽ നിന്നും നഷ്ടമായി.

2018-19 സാമ്പത്തിക വർഷം മുതൽ അംഗൻവാടി തൊഴിലാളികളുടേയും, സഹായികളുടെയും പ്രതിഫലത്തിലെ പ്രാദേശിക സർക്കാർ വിഹിതം പ്രോജക്ട് വെച്ച് നല്കുന്നതിന് പകരം പ്രാദേശിക സർക്കാരുകൾക്ക് അനുവദിക്കുന്ന വികസന ഫണ്ടിന്റെ പൊതുവിഭാഗത്തിൽ നിന്നും അതാത് പ്രാദേശിക സർക്കാർ സെക്രട്ടറിമാർ "2235-02-102-05- Deduct Amount Transferred From Development Fund Towards Honorarium & Allowances Of Anganwadi Workers And Helpers (NP)" എന്ന ശീർഷക കണക്കിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യാൻ, 2018-19 വർഷത്തെ വികസനഫണ്ടിന്റെ രണ്ടാം ഗഡു അനുവദിച്ച് കൊണ്ടുള്ള 25.07.2018 ലെ സർക്കാർ ഉത്തരവ് (സാധാരണം) 6345/2018/ധന പ്രകാരം നിർദ്ദേശിച്ചിരുന്നതാണ്. ഇത്തരത്തിൽ ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത തുക, വികസനഫണ്ട് അനുവദിച്ചതിന്റെ അറ്റതുകയിൽ ഉൾപ്പെടുത്തുകയും, പ്രസ്തുത തുകയുടെ ബാക്കി തുക മാത്രമേ വികസന ഫണ്ടിനത്തിൽ ഗ്രാമപഞ്ചായത്തിൽ ചെലവഴിക്കുന്നതിനാകൂ എന്നും ഉത്തരവിന്റെ 5-ാം ഖണ്ഡികയിൽ പറയുന്നു. 2018-19 വർഷത്തെ വികസന ഫണ്ടിന്റെ മൂന്നാംഗഡു അനുവദിച്ച് കൊണ്ടുള്ള 29.11.18 ലെ സർക്കാർ ഉത്തരവ് (സാധാരണം) 9858/18/)ധന ഉത്തരവുകളെ അലോട്ട്മെന്റ് ലറ്ററായി പരിഗണിക്കണമെന്നും ഉത്തരവിൽ നിർദ്ദേശമുണ്ട്.ടി വർഷം തുക അടവാക്കാത്തത് മൂലം 2019-20 വർഷത്തെ വികസനഫണ്ടിന്റെ മൂന്നാം ഗഡു അനുവദിച്ച് കൊണ്ടുള്ള 21.12.2019 ലെ സർക്കാർ ഉത്തരവ് (സാധാരണം) 10050/ധന ഉത്തരവിന്റെ ഖണ്ഡിക:6, അനുബന്ധം -1 ക്രമ നം. 541 പ്രകാരം കയ്പമംഗലം ഗ്രാമ പഞ്ചായത്ത് അംഗൻവാടി തൊഴിലാളികളുടേയും, സഹായികളുടെയും പ്രതിഫലത്തിലെ പ്രാദേശിക സർക്കാർ വിഹിതം 2018-19 വർഷത്തിൽ ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യേണ്ടുന്നതിൽ കുറവുവന്ന തുകയായി ₹1445400/-രൂപയും 2019-20 വർഷത്തെ 481800/- രൂപയും 2019-20 വർഷത്തെ വികസനഫണ്ടിന്റെ മൂന്നാം ഗഡുവിൽ നിന്നും കുറവു ചെയ്തിട്ടുള്ളതുമാണ്.
സർക്കാർ ഉത്തരവുകൾ പാലിക്കുന്നതിലെ വീഴ്ചകൾ മൂലം ഗ്രാമപഞ്ചായത്തിന്റെ വികസനാവശ്യത്തിന് 2019-20 ൽ ലഭ്യമാകേണ്ട തുകയിൽ ഇത് കാരണം കുറവുണ്ടായി. ജനങ്ങളുടെ വികസനാവശ്യത്തിനായി ചെലവഴിക്കേണ്ടുന്ന പദ്ധതി പണം ഇപ്രകാരം നഷ്ടപ്പെടുത്തുന്നത് ഗൗരവതരമായ അനാസ്ഥയായി പരിഗണിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ പതിയേണ്ടതാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 ലൈഫ് മിഷൻ ജനറൽ ഭവന നിർമ്മാണം:- തുക അധികം നൽകി

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ, കൈപ്പമംഗലം (സർക്കിൾ)
2019-20 വർഷം നടപ്പിലാക്കിയ ലൈഫ് മിഷൻ ജനറൽ ഭവന നിർമ്മാണം(S0179/20) പദ്ധതിയിൽ 400000/-രൂപ നൽകേണ്ടതിനു പകരം 440000/-, 500000/- രൂപ എന്നിങ്ങനെ നൽകി. വിശദവിവരം താഴെ കൊടുക്കുന്നു.

1.അധിക തുക നൽകി

| പദ്ധതി നം./പേര് | പദ്ധതി പ്രകാരം നൽകേണ്ട തുക | നൽകിയ തുക | | ബിൽ / വൗച്ചർ നം | ഗുണഭോക്താവിന്റെ പേര് | അധികം നൽകിയത് |
|---|---|---|---|---|---|---|
| | | തിയതി | തുക | | | |
| ലൈഫ് മിഷൻ ജനറൽ ഭവന നിർമ്മാണം,S0179/20 | 400000/- | 02.07.2018<br>05.01.2019<br>- | 40000<br>160000 | 06/2019-20 /16.10.2019,920000 | നഫീസ ഇബ്രാഹീം,പുളിയപ്പറത്ത് വീട്,പി.ഒ.കൈപ്പമംഗലം. | 100000 |

| | | | | | | |
|---|---|---|---|---|---|---|
| | | 26.08.2019<br>14.10.2019<br>09.01.2020 | 60000<br>100000<br>40000<br>100000<br>500000 | | | |
| | 400000/- | 02.07.2018<br>-<br>-<br>28.08.2019<br>14.10.2019 | 40000<br>160000<br>100000<br>100000<br>40000<br>440000 | 06/2019-20 /16.10.2019, 920000&21900324/ 15.07.2019,100000/- | ഷമീറ സിദ്ധിക്ക്,തിണ്ടിക്കൽ വീട്,പി.ഒ. കരിക്കുഴി,കൈപ്പമംഗലം. | 40000 |
| | | | | | ആകെ | 140000 |

മുകളിൽ പറഞ്ഞ അധികം നൽകിയ 140000/-രൂപ ഈടാക്കേണ്ടതുമാണ്.
(ഓഡിറ്റ് എൻക്വയറി നം . 39 /13.10.2021)

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 600000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 600000 | 0 |
| | | 500000 | അംഗൻവാടി പോഷകാഹാര വിതരണ പരിപാടി(ജനറൽ) | 500000 | 0 |
| | | 200000 | തണൽ | 0 | 200000 |
| | | 300000 | ക്ഷീരസംഘങ്ങളിൽ പാൽ അളക്കുന്നവർക്ക് ധനസഹായം | 0 | 300000 |
| | | 500000 | അരിയൂർ ദുബായ് റോഡ് | 500000 | 0 |
| | | 1113339 | ലൈഫ് പദ്ധതി | 1640000 | 311599 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 1140000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 1613472 | 166214 |

ACR കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ തൻവർഷത്തെ വിവരങ്ങൾ മാത്രമാണ് ചേർത്തിട്ടുള്ളത്.

### 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി | വിവിധ വാർഡുകളിൽ സ്ലീറ്റ്മെയിൻ വലിക്കലും പോസ്റ്റ് മാറ്റി സ്ഥാപിക്കലും | 0 | 118643 | 0 |
| കെ.എസ്.ഇ.ബി | വിവിധ വാർഡുകളിൽ സ്ലീറ്റ്മെയിൻ വലിക്കലും പോസ്റ്റ് മാറ്റി സ്ഥാപിക്കലും | 0 | 1184934 | 0 |

തൻ വർഷത്തെ വിവരങ്ങൾ മാത്രമാണ് ഖണ്ഡികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയതി | വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്നതുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഇ.എം.എസ് | | 9555737 | 1900975 | 900000 | 1000975 |
| .ഹഡ്കോ | | 15577460 | 15577460 | 1308824 | 14268636 |

## 4-5 സ്ഥിരനിക്ഷേപം

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2016-17 | 3(14) | 1500 | സജീവൻ, കൈതവളപ്പിൽ | 119010101968/27.06.2019 |
| 2012-13 | 3(2) | 473 | ഫാത്തിമ സന്തോഷ്, വലിയപറമ്പിൽ | 119010101948/19.07.2019 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല.

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ലഭ്യമല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 78150131.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 78050917 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 140000 |

| | |
|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 561225 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 140000 | ഗോകുൽ.ഇ.ബി, വി.ഇ.ഒ, കൈപ്പമംഗലം (സർക്കിൾ) |
| | 140000 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-33 | 228950 | ജീന,ഫിഷറീസ് സബ്ഇൻസ്പെക്ടർ |
| 1-34 | 300000 | കെ.ബി.മുഹമ്മദ് റഫീക്ക്,സെക്രട്ടറി |
| 1-46 | 32275 | സമീറ, AE |
| | 561225 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

1-41

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടം/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| ഉദ്യോഗസ്ഥൻ | നിലവിലെ ഔദ്യോഗിക മേൽവിലാസം | വിലാസം |
|---|---|---|
| ഗോകുൽ.ഇ.ബി വി.ഇ.ഒ | ലഭ്യമല്ല | ഈശ്വരമംഗലത്ത്, ചെന്ത്രാപ്പിന്നി |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 76-77 | എൽ.എഫ്.ടി21-922/96 /1/7/96 | | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം ചേർക്കുന്ന രജിസ്റ്റർ സ്ഥാപനത്തിൽ എഴുതി സൂക്ഷിച്ചിട്ടില്ല. |
| 77-78 | എൽ.എഫ്.ടി11-868/80 /23/6/80 | | " |
| 80-81 | എൽ.എഫ്.ടി11-3013/83 /13/01/84 | | |
| 83-84 | എൽ.എഫ്.ടി11-529/88 /14/09/88 | | |
| 84-85 | എൽ.എഫ്.ടി11-140/89 /30/09/88 | | |
| 85-86, 86-87 | എൽ.എഫ്.ടി11-508/91 /29/07/91 | | |
| 88-89, 89-90 | എൽ.എഫ്.ടി11-197/93 /17/11/94 | | |
| 90-91 | എൽ.എഫ്.ടി11-1672/94 /30/03/95 | | |
| 91-92, 93-94 | എൽ.എഫ്.ടി11-825/95 /31/05/96 | | |
| 94-95 | എൽ.എഫ്.ടി19-2/2001 /05.03.01/03.04.01 | | |
| 96-97 | എൽ.എഫ്.ടി19-759/98 /03/10/98 | | |

| | | | |
|---|---|---|---|
| 97-98 ചെലവ് | എൽ.എഫ്.ടി19-1011/99 /23/9/99 | | |
| 98-99 ചെലവ് | എൽ.എഫ്.ടി19-1040/00 /28/10/2000 | | |
| 99-2000,2000-01, 2001-2002 | എൽ.എഫ്.ടി12-1092/03 /2/1/04 | | |
| 95-96 ജനകീയാസൂത്രണം | എൽ.എഫ്.ടി12-1092/03 /07/01/04 | | |
| 97-98 വരവ് | എൽ.എഫ്.ടി12-1433/07 /07/01/08 | | |
| 98-99 വരവ് | എൽ.എഫ്.ടി12-1434/07 /07/01/08 | | |
| 99-2000 | എൽ.എഫ്.ടി12-1435/07 /07/01/08 | | |
| 2000-01 | എൽ.എഫ്.ടി12-1472/07 /07/01/08 | | |
| 2001-02 | എൽ.എഫ്.ടി12-648/08 /20/7/09 | | |
| 2002-03 | എൽ.എഫ്.ടി12-649/08 /20/7/09 | | |
| 2003-04 | എൽ.എഫ്.ടി12-190/09 /26/5/10 | | |
| 2004-05 | എൽ.എഫ്.ടി12-282/09 /20/08/10 | | |
| 2005-06 | എൽ.എഫ്.ടി12-1598/09 /20/1/11 | | |
| 2006-07 | എൽ.എഫ്.ടി12-1599/09 /20/01/11 | | |
| 2007-08 | എൽ.എഫ്.ടി13-1311/11 /24/11/11 | | |
| 2008-09 | എൽ.എഫ്.ടി.പി3-1312/12 /10/10/11 | | |
| 2009-10, 2010-11 | എൽ.എഫ്.ടി.പി3-29/13 /25/03/13 | | |
| 2011-12 | എൽ.എഫ്.ടി.പി3-1404/13 /15/01/14 | | |
| 2012-13 | എൽ.എഫ്.ടി.പി3-1246/13 /15/01/14 | | |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ (പി3)79/16/28.01.16 /15.03.16 | | |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ (പി3)920/16/20.06.16 /12.07.16 | | |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ (പി3)1939/16/22.11.16 | | |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ (പി3)1706/17/29.11.17 /29.12.17 | | |
| 2017-18 | കെ.എസ്.എ.ടി.എസ്.ആർ (പി3)1390/18/9.11.18 /23.11.18 | | |
| 2018-19 | കെ.എസ്.എ.ടി.എസ്.ആർ (പി3)1057/2019 /29.08.2019 | | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ കൈപ്പമംഗലം ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ കൈപ്പമംഗലം ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്